ജീവിയെ നിർജീവിയിൽനിന്നും നിർജീവിയെ ജീവിയിൽ
നിന്നും പുറത്തേക്ക് കൊണ്ട് വന്നവൻ ആര് ?




إِنَّ فِي
خَلْقِ السَّمَاوَاتِ وَالأَرْضِ وَاخْتِلاَفِ اللَّيْلِ وَالنَّهَارِ لآيَاتٍ لِّأُوْلِي الألْبَابِ 190
الَّذِينَ يَذْكُرُونَ اللّهَ قِيَامًا وَقُعُودًا وَعَلَىَ جُنُوبِهِمْ وَيَتَفَكَّرُونَ
فِي خَلْقِ السَّمَاوَاتِ وَالأَرْضِ رَبَّنَا مَا خَلَقْتَ هَذا بَاطِلاً سُبْحَانَكَ فَقِنَا عَذَابَ
النَّارِ 191




നിശ്ചയമായും ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും

മാറിക്കൊണ്ടിരിക്കുന്നതിലും ബുദ്ധിയുള്ളവർക്ക് ധാരാളം ദൃഷ്ടാന്ത ങ്ങളുണ്ട്.നിന്നും ഇരുന്നും കിടന്നും (എല്ലാ അവസരങ്ങളിലും) അല്ലാ ഹുവെ സ്മരിക്കുന്നവരും ആകാശ ഭൂമികളെസൃഷ്ടിച്ചതിൽ ചിന്തിക്കു ന്നവരും" ഞങ്ങളുടെ നാഥാ, നീ ഇതൊന്നും സൃഷ്ടിച്ചത് അർഥശൂന്യ മായിട്ടല്ല, നീ പരിശുദ്ധനാണ്; അത് കൊണ്ട് ഞങ്ങളെ നീ നരകശി ക്ഷയിൽ നിന്ന് രക്ഷിക്കേണമേ !" (എന്ന് പ്രാർത്ഥിക്കു ന്നവരമാണ് ബുദ്ധിയുള്ളവർ ) .( ആലു ഇംറാൻ 190, 191)





تُولِجُ اللَّيْلَ فِي الْنَّهَارِ وَتُولِجُ النَّهَارَ فِي اللَّيْلِ وَتُخْرِجُ الْحَيَّ مِنَ الْمَيِّتِ
وَتُخْرِجُ الَمَيَّتَ مِنَ الْحَيِّ وَتَرْزُقُ مَن تَشَاء بِغَيْرِ حِسَابٍ

നീ രാവിനെ പകലിലും പകലിനെ രാവിലും കൂട്ടിച്ചേർക്കുകയും ജീ വിയെ നിർജീവിയിൽ നിന്നും നിർജീവിയെ ജീവിയിൽ നിന്നും പുറ ത്തേക്ക് കൊണ്ട് വരികയും ഉദ്ദേശിക്കുന്നവർക്ക് ജീവിത വിഭവങ്ങൾ കണക്കില്ലാതെ കൊടുക്കുകയും ചെയ്യുന്നു.( ആലു ഇംറാൻ 27)



بَدِيعُ السَّمَاوَاتِ وَالأَرْضِ أَنَّى يَكُونُ لَهُ وَلَدٌ
وَلَمْ تَكُن لَّهُ صَاحِبَةٌ وَخَلَقَ كُلَّ شَيْءٍ وهُوَ بِكُلِّ شَيْءٍ عَلِيمٌ

**ആകാശ ഭൂമികളെ മുൻ മാതൃക കൂടാതെ നിർമ്മിച്ചവനാണവൻ. കൂട്ടുകാരി ഇല്ലാതിരിക്കെ അവന് സന്താനമുണ്ടാകുന്നതെങ്ങിനെ ? എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചിരിക്കുന്നത് അവനാണ്. മുഴുവൻ വസ്തുക്കളെക്കുറിച്ചും സർവ്വജ്ഞനുമത്രെ അവൻ. (അൽ അൻആം 101)**



إِنَّ اللّهَ فَالِقُ الْحَبِّ وَالنَّوَى يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَمُخْرِجُ
الْمَيِّتِ مِنَ الْحَيِّ ذَلِكُمُ اللّهُ فَأَنَّى تُؤْفَكُونَ

**വിത്തിനെയും കുരുക്കളെയും പിളർക്കുന്നത് അല്ലാഹുവാണ് തീർച്ച. അവൻ ജീവനില്ലാത്ത വസ്തുക്കളിൽ നിന്ന് ജീവനുള്ളവ പുറത്തേക്ക് കൊണ്ട് വരുന്നു. ജീവനുള്ള വസ്തുക്കളിൽ നിന്ന് ജീവനില്ലാത്തവയെ പുറത്തേക്ക് കൊണ്ടു വരുന്നവനമാണവൻ. അവനാണ് അല്ലാഹു എന്നിരിക്കെ (സത്യത്തെ വിട്ട്) നിങ്ങൾ എങ്ങിനെ തിരിക്കപ്പെടുന്നു! സൂറത്ത് (അൽഅൻആം 95)**

قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَمْ هَلْ تَسْتَوِي
الظُّلُمَاتُ وَالنُّورُ أَمْ جَعَلُواْ لِلّهِ شُرَكَاء خَلَقُواْ كَخَلْقِهِ فَتَشَابَهَ الْخَلْقُ
عَلَيْهِمْ قُلِ اللّهُ خَالِقُ كُلِّ شَيْءٍ وَهُوَ الْوَاحِدُ الْقَهَّارُ



**ചോദിക്കുക, അന്ധനും കാഴ്ചയുള്ളവനും സമമാകുമോ ? അല്ലെങ്കിൽ ഇരുട്ടും വെളിച്ചവും തുല്യമാകുമോ ? അതല്ല. അവർ അല്ലാഹുവിന്ന് ചില പങ്ക് കാരെ നിശ്ചയിച്ചുവോ ? അല്ലാഹു സൃഷ്ടിച്ചത് പോലെ അവരും സൃഷ്ടിക്കയും എന്നിട്ട് സൃഷ്ടികൾ അവർക്ക്സദൃശങ്ങ**

ളായി തോന്നുകയുമുണ്ടായോ ? ( അങ്ങനെയുള്ള പങ്ക് കാരെ അവർ നിശ്ചയിച്ചുവോ ?') താങ്കൾപറയുക: അല്ലാഹുവാണ് എല്ലാവസ്തുക്കളെയും സൃഷ്ടിച്ചവൻ, അവൻ ഏകനും എല്ലാംഅടക്കി ഭരിക്കുന്നവനുമാകുന്നു. (റഅ്ദ് 16)

وَمَا خَلَقْنَا السَّمَاء وَالْأَرْضَ وَمَا بَيْنَهُمَا لَاعِبِينَ

ആകാശഭൂമികളെയും അവക്കിടയിലുള്ള വസ്തുക്കളെയും നാംവിനോദാർത്ഥം സൃഷ്ടിച്ചതല്ല. (അൽഅമ്പിയാഅ് 16)





وَاللَّهُ خَلَقَ كُلَّ دَابَّةٍ مِن مَّاء فَمِنْهُم مَّن يَمْشِي عَلَى بَطْنِهِ وَمِنْهُم مَّن
يَمْشِي عَلَى رِجْلَيْنِ وَمِنْهُم مَّن يَمْشِي عَلَى أَرْبَعٍ يَخْلُقُ اللَّهُ مَا يَشَاء
إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ

എല്ലാ ജീവികളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചു. എന്നാൽ അവയിൽ ചിലതു ഉദരത്തിന്മേൽ ഇഴഞ്ഞ് നടക്കുന്നു. രണ്ടു കാലിന്മേൽ നടക്കുന്നതും അവയിലുണ്ട്. ചിലതു നാലു കാലി ൽ നടക്കുന്നു. താനുദ്ദേശിക്കുന്നതു അല്ലാഹു സൃഷ്ടിക്കും. നിശ്ചയം


അവൻ എല്ലാ കാര്യത്തിനും നല്ലവണ്ണംകഴിവുള്ളവനാകുന്നു. (അന്നൂർ 45)





يَا أَيُّهَا النَّاسُ اذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ لَا إِلَهَ إِلَّا هُوَ فَأَنَّى تُؤْفَكُونَ

ഹേ ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന ആനുഗ്രഹം നിങ്ങൾ ഓർക്കുക അല്ലാഹു അല്ലാതെ ആകാശഭൂമികളിൽ നിന്ന് നിങ്ങൾക്ക് ഭക്ഷണം നൽകുന്ന വല്ല സൃഷ്ടാവുമുണ്ടോ ? അവനല്ലാതെ ഒരു ഇലാഹുമില്ല. എന്നിരിക്കെ നിങ്ങൾ എങ്ങനെയാണ് (സത്യത്തിൽ നിന്നു) തെറ്റിക്കപ്പെടുന്നത് ? (ഫാത്വിർ 3 )





اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ

അല്ലാഹു എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചവനാണ്. അവൻ സർവ്വ കാര്യങ്ങളിലും കൈകാര്യം നടത്തുന്നവനുമാണ് (അസ്സുമർ 62)



وَمِن كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ

**നിങ്ങള്‍ ചിന്തിക്കുവാന്‍ വേണ്ടി എല്ലാ വസ്തുക്കളില്‍ നിന്നും നാം ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. ( അദ്ദാരിയാത്ത് 49)**

ذَٰلِكُمُ اللَّهُ رَبُّكُمْ خَالِقُ كُلِّ شَيْءٍ لَّا إِلَٰهَ إِلَّا هُوَ فَأَنَّىٰ تُؤْفَكُونَ

**അങ്ങനെയുള്ളവന്‍ അല്ലാഹുവാണ്, നിങ്ങളുടെ രക്ഷിതാവ്, എല്ലാവസ്തുക്കളുടെയും സൃഷ്ടാവ്, അവനല്ലാതെ ഒരു ഇലാഹുമില്ല. എന്നിരിക്കെ എങ്ങനെയാണ് നിങ്ങള്‍ (സത്യം വിട്ട്) തെറ്റിക്കപ്പെടുന്നത്. (ഗാഫിര്‍ 62)**

**ദുആയില്‍ ഈ വിനീതനെയും ഉള്‍പ്പെടുത്തണമെന്ന് വിനയ പൂര്‍വ്വം നിങ്ങളുടെ സഹോദരന്‍.**

**ഇസ്‌ലാമികമായ വിഷയങ്ങള്‍ പഠിക്കുവാന്‍ സന്ദര്‍ശിക്കുക.**

www.islamkerala.com


E-mail : abdulla_cherumba@yahoo.com

Mobile : 0091 9400534861